"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- 2018 ലെ പ്രളയത്തിൽ വീടും സ്ഥലവും വാസയോഗ്യമല്ലാതായിത്തീർന്ന ശ്രീ. ജോസഫ് ജോൺ, പള്ളിപ്പുറത്ത്, പെരിങ്ങാശ്ശേരി, തൊടുപുഴ എന്നിവർക്ക് അനുവദിച്ച തുകയിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.228/2026/DMD തീയതി,തിരുവനന്തപുരം, 21-05-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം.771/2022-ഡിഎംഡി, 23/10/2022
2. സ.ഉ(സാധാ)നം.4785/2022-റവ, 23/11/2022
3. ഇടുക്കി ജില്ലാ കളക്ടറുടെ 05/02/2026 ലെ DCIDK/1875/2022-DM1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2018 ലെ പ്രളയത്തിൽ വീടും സ്ഥലവും വാസയോഗ്യമല്ലാതായിത്തീർന്ന ശ്രീ.ജോസഫ് ജോൺ, പള്ളിപ്പുറത്ത്, പെരിങ്ങാശ്ശേരി, തൊടുപുഴ എന്നയാൾക്ക് സ്ഥലം വാങ്ങുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 6 ലക്ഷം രൂപയും, വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയിൽ 1,01,900/- രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ചേർത്ത് ആകെ 10 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) മാനദണ്ഡങ്ങൾ പ്രകാരമുള്ള 1,01,900/- രൂപയും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ വിഹിതമായ 8,98,100/- രൂപ (വീട് വെക്കുന്നതിന് അനുവദിക്കാവുന്ന 4 ലക്ഷം രൂപയിൽ SDRF വിഹിതമായ 1,01,900/- രൂപ കിഴിച്ച് 2,98,100/- രൂപയും വസ്തു വാങ്ങിക്കുന്നതിനുള്ള 6,00,000/- രൂപയും ചേർത്ത്) അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3) എന്നാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾ പ്രകാരം, പൂർണ്ണനാശം നേരിട്ട മലയോര പ്രദേശത്തെ വീടുകൾക്ക് 1,01,900/- രൂപയും സമതല പ്രദേശത്തെ വീടുകൾക്ക് 95,100/- രൂപയുമാണ് അനുവദിക്കുന്നതായും, തൊടുപുഴ താലൂക്ക് സമതലപ്രദേശത്ത് ഉൾപെട്ടുവരുന്നതിനാൽ ടി മാനദണ്ഡങ്ങൾ പ്രകാരം 95,100/- രൂപയാണ് ശ്രീ. ജോസഫ് ജോണിന് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം അനുവദിക്കേണ്ടതെന്നും, ആയതിനാൽ വീട് നിർമ്മിക്കുന്നതിന് അനുവദിക്കാവുന്ന 4 ലക്ഷം രൂപയിൽ 95,100/- രൂപ കിഴിച്ച് 3,04,900/- രൂപ ടി ഇനത്തിൽ ലഭിക്കേണ്ട സാഹചര്യത്തിൽ, ടി ഇനത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള 2,98,100/- രൂപ കിഴിച്ച് ബാക്കി 6,800/- രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കണമെന്ന് സൂചന (3) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ലെ പ്രളയത്തിൽ വീടും സ്ഥലവും

വാസയോഗ്യമല്ലാതായിത്തീർന്ന ശ്രീ. ജോസഫ് ജോൺ, പള്ളിപ്പുറത്ത് എന്നിവർക്ക് വീട് നിർമ്മിക്കുന്നതിന് അനുവദിച്ച 4 ലക്ഷം രൂപയിൽ 95,100/- രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ വിഹിതമായ 3,04,900/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. നേരത്തെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച 2,98,100/- രൂപക്കു പുറമെ 6,800/- രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 21-05-2026 15:14:07**
സെക്ഷൻ ഓഫീസർ